**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2489** **06-10-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ എടുക്കുന്ന വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിപണിയിൽ നിന്നും കടപത്രം വഴിയും മറ്റും സർക്കാർ എടുക്കുന്ന വായ്പകൾ പദ്ധതി ചെലവിന് ഉപയോഗിക്കാതെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാറുണ്ടോ; വ്യക്തമാക്കാമോ; | (എ) | വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലെ കമ്മി പരിഹരിച്ചശേഷമുള്ള മുഴുവൻ തുകയും പദ്ധതി/ വികസന ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയാണ് വായ്പയായി എടുത്തത്; കടപത്രം വഴിയും നബാർഡിൽ നിന്നും വിദേശ വായ്പയിനത്തിലും ദേശീയ ലഘുസമ്പാദ്യ പദ്ധതിയിൽ നിന്നും കടമെടുത്ത തുക സംബന്ധിച്ച വിവരം പ്രത്യേകം പ്രത്യേകം നൽകാമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ വായ്പയെടുത്ത തുക (തനി) 110334.15 കോടി രൂപയാണ്. ഇതിൽ കടപത്രം, നബാർഡ്, ദേശീയ ലഘു സമ്പാദ്യ പദ്ധതി, വിദേശ വായ്പ എന്നിവയിലൂടെ യഥാക്രമം 98343.98 കോടി രൂപ, -372.76 കോടി രൂപ, 9469.73 കോടി രൂപ, 441.97 കോടി രൂപ വീതം വായ്പ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം കടമെടുത്ത തുക മറ്റ് ആവശ്യങ്ങൾക്കായും കടം തിരിച്ചടയ്ക്കുവാൻ വേണ്ടിയും ഉപയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലെ കമ്മി പരിഹരിച്ചശേഷമുള്ള മുഴുവൻ തുകയും പദ്ധതി/ വികസന ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്. |
| (ഡി) | 2024-25 സാമ്പത്തിക വർഷത്തിലും 2025-26 സാമ്പത്തിക വർഷം സെപ്റ്റംബർ 30-വരെയും | (ഡി) | വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് |

| | | | |
|---|---|---|---|
| | കടമെടുത്ത തുകയുടെ എത്ര ശതമാനമാണ് പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ? | | ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലെ കമ്മി പരിഹരിച്ചശേഷമുള്ള മുഴുവൻ തുകയും പദ്ധതി/ വികസന ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ